വിള ഇൻഷ്വറൻസ് പദ്ധതി

143 (7440) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12-ലും 2012-13-ലും 2013-14-ലും എത്ര തുക വിള ഇൻഷ്വറൻസ് ഫണ്ട് ഇനത്തിൽ സ്വരൂപിക്കുകയുണ്ടായി ;

(ബി) 2011-12-ലും 2012-13-ലും 2013-14-ലും വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരമായി ഓരോവർഷവും എത്ര തുകവീതം നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) 2011-12 വർഷത്തിൽ 62,48,252 രൂപയും 2012-13 വർഷത്തിൽ 60,27,366 രൂപയും 2013-14 വർഷത്തിൽ 99,75,011 രൂപയും പ്രീമിയം ഇനത്തിൽ വിള ഇൻഷ്വറൻസ് ഫണ്ടിൽ സ്വരൂപിക്കുകയുണ്ടായി.

(ബി) 2011-12 വർഷത്തിൽ 4,97,55,329 രൂപയും 2012-13 വർഷത്തിൽ 1,78,61,699 രൂപയും 2013-14 വർഷത്തിൽ 9,18,84,425 രൂപയും വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശം

144 (7441) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭം വന്നു കൃഷിനാശം ഉണ്ടാകുന്ന കർഷകരെ സഹായിക്കുന്നതിന് വിള ഇൻഷ്വറൻസ് അല്ലാതെ മറ്റെന്തെങ്കിലും പദ്ധതികൾ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) 2013-14 വർഷം പ്രകൃതിക്ഷോഭത്തിൽ എത്ര കർഷകർക്ക് എത്ര തുകയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്നാണ് കൃഷിവകുപ്പ് വിലയിരുത്തിയിട്ടുള്ളത് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) ഇങ്ങനെ കൃഷിനാശം ഉണ്ടായ കർഷകർക്ക് കൃഷിവകുപ്പിൽ നിന്ന് എത്ര തുകവീതം ഓരോ ജില്ലയിലും നഷ്ടപരിഹാരം നൽകിയെന്നും മറ്റു വകുപ്പുകൾ മുഖേന കൃഷിക്കാർക്ക് ഓരോ ജില്ലയിലും എത്ര തുക നഷ്ടപരിഹാരമായി ലഭിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് വിള ഇൻഷ്വറൻസ് പദ്ധതി കൂടാതെ റവന്യൂ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്ന് കൃഷിവകുപ്പ് മുഖേന ധനസഹായം ലഭ്യമാക്കുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭത്തിൽ മടവീഴ്ച സംഭവിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പാടശേഖരങ്ങളിൽ മട പുനർ നിർമ്മിക്കുന്നതിനായുള്ള ധനസഹായം കൃഷി വകുപ്പിന്റെ ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിൽനിന്നും നൽകിവരുന്നുണ്ട്. കൂടാതെ വിളനാശം സംഭവിച്ചാൽ വീണ്ടും വിളയിറക്കുന്നതിന് സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന കർഷകർക്ക് സൗജന്യമായി വിത്ത് വിതരണം നടത്തുന്ന ഒരു പദ്ധതിയും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്.

(ബി) 2013-14 വർഷം പ്രകൃതിക്ഷോഭത്തിൽ 1,31,729 കർഷകർക്ക് 174,62,77,247 രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്നാണ് കൃഷി വകുപ്പ് വിലയിരുത്തിയിട്ടുള്ളത്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(സി) കൃഷിനാശം ഉണ്ടായ കർഷകർക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്ന് കൃഷിവകുപ്പ് മുഖേന നൽകിയ ധനസഹായത്തിന്റെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

അങ്കമാലി മണ്ഡലത്തിലെ തോടുകളുടെ പുനരുദ്ധാരണം

145 (7442) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും. മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കാർഷിക മേഖലയിൽ ജലസേചനത്തിന് മുഖ്യപങ്ക് വഹിക്കുന്ന അങ്കമാലി മാഞ്ഞാലിത്തോടിന്റെ കൈവഴികളായ മൂക്കന്നൂർ തോട്, കറുകുറ്റി തോട്, മൂന്നുതോട് തുടങ്ങിയവയുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ കാർഷിക മേഖല ആശ്രയിക്കുന്ന ഈ തോടുകൾ പുനഃരുദ്ധരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കാർഷിക മേഖലയിൽ ജലസേചനത്തിൽ മുഖ്യപങ്ക് വഹിക്കുന്ന അങ്കമാലി മാഞ്ഞാലി തോടിന്റെ കൈവഴികളായ മൂക്കന്നൂർ തോട്, കറുകുറ്റിതോട്, മൂന്നുതോട് തുടങ്ങിയവയുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ കൃഷിവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ ജലസേചനവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നബാർഡ് ആർ.ഐ.ഡി.എഫ്. 20-ൽ ഇംപ്രൂവ്മെന്റ്സ് ടു ട്രിബ്യൂട്ടറീസ് ഓഫ് അങ്കമാലി- മാഞ്ഞാലി തോട് - നായത്തോട് എന്ന പേരിൽ 670 ലക്ഷം രൂപയുടെ ഡി.പി.ആർ.(Detailed Project Report) തയ്യാറാക്കിയിട്ടുണ്ട്. ഇത് മൂന്നുതോടിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly